(ഡി) ഉണ്ട്. സങ്കരവർഗ്ഗം കന്നുകുട്ടികളെ തെരഞ്ഞെടുത്ത് കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ നൽകിയും എല്ലാ ഗ്രാമപഞ്ചായത്ത് മൃഗാശുപത്രികളിലും കന്നുകുട്ടി ക്ലിനിക്ക് നടത്തി അവയ്ക്ക് സംരക്ഷണം നൽകിയും അകിടുവീക്കം നേരത്തേ കണ്ടുപിടിച്ച് നിയന്ത്രിക്കുന്നതിനും പദ്ധതി ഇട്ടിട്ടുണ്ട്. കൂടാതെ കേരളം മുഴുവൻ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് സമയബന്ധിതമായി പൂർത്തിയാക്കാനും മലബാറി ആടുകളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതിയും ആലോചിച്ചുവരുന്നു. മാത്രവുമല്ല തിരുവനന്തപുരം ജില്ലയിലെ പാലോട്, പത്തനംതിട്ട ജില്ലയിലെ തിരുവല്ല, പാലക്കാട് ജില്ലയിലെ പാലക്കാട് ടൗൺ, കണ്ണൂർ ജില്ലയിലെ കണ്ണൂർ എന്നിവിടങ്ങളിൽ ആധുനിക രോഗനിർണ്ണയ ലബോറട്ടറികൾ സജ്ജമാക്കുന്നതാണ്.

ക്ഷീരോൽപ്പാദന വികസന പദ്ധതികൾ

*23 [227] ശ്രീ. തോമസ് ഉണ്ണിയാടൻ:
„ സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരമേഖലയിൽ 2010 വരെയുള്ള ക്ഷീരോൽപ്പാദന വികസന പദ്ധതികൾ എൻ.ഡി.ഡി.ബി. എപ്രകാരം വിഭാവനം ചെയ്ത് നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എത്ര കോടി രൂപ നീക്കിവെച്ചിട്ടുണ്ടെന്നും ഏതെല്ലാം പദ്ധതികൾക്കാണ് പ്രസ്തുത തുക ചെലവഴിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിന്മേൽ സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തമെന്താണെന്ന് വിശദമാക്കാമോ;

(ഡി) ഇതുമൂലം ക്ഷീരകർഷകർക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ ഗൗരിയമ്മ):

(എ) 2010 വരെയുള്ള എൻ.ഡി.ഡി.ബി.-യുടെ പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നവയാണ്:

1. പേഴ്സ്പെക്റ്റീവ് പ്ലാൻ ഒന്നാംഘട്ടം (2000 മുതൽ 2005 വരെ).
2. പേഴ്സ്പെക്റ്റീവ് പ്ലാൻ രണ്ടാംഘട്ടം (2006 മുതൽ 2010 വരെ).
3. കാലിരോഗ നിയന്ത്രണ പദ്ധതി (എ.സി.ഡി.പി.).
4. സംയോജിത വിജ്ഞാന വ്യാപന പദ്ധതി (പി.ഇ.പി.).
5. സഹകരണ മേഖലയ്ക്കുള്ള സഹായം (പുനരധിവാസ പദ്ധതി).

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായുള്ള എൻ.ഡി.ഡി.ബി.-യുടെ സഹായം 6380.62 ലക്ഷം രൂപയാണ്. ഇതിൽ പേഴ്സ്പെക്റ്റീവ് പ്ലാൻ ഒന്നാം ഘട്ടത്തിനുള്ള സഹായം 3727.59 ലക്ഷം രൂപയാണ്. ഇതിന്റെ കീഴിലുള്ള പദ്ധതികൾ അടിസ്ഥാന സൗകര്യങ്ങൾ ഉൽപ്പാദനക്ഷമതാ വർദ്ധന ഗുണമേന്മയും പ്ലാന്റ് നിർവ്വഹണവും വിപണന വികസനം, സഹകരണ സേവനം, നാഷണൽ ഇൻഫർമേഷൻ നെറ്റ്വർക്ക്, മാനവശേഷി വികസനവും പരിശീലനവും ഇവയാണ്. പേഴ്സ്പെക്റ്റീവ് പ്ലാൻ രണ്ടാംഘട്ട (2005-2006 മുതൽ 2009-2010 വരെ)-ത്തിനുള്ള അപേക്ഷ ക്ഷീര സംഘങ്ങൾ/ഫെഡറേഷൻ ഇനിയും തയ്യാറാക്കിയിട്ടില്ല. കാലിരോഗനിയന്ത്രണ പദ്ധതി, സംയോജിത വിജ്ഞാന വ്യാപന പദ്ധതി, സഹകരണ മേഖലയ്ക്കുള്ള സഹായം എന്നിവയ്ക്ക് യഥാക്രമം 2498 ലക്ഷം, 10 ലക്ഷം, 145.02 ലക്ഷം രൂപയാണ് എൻ.ഡി.ഡി.ബി. സഹായം.

(സി) സംസ്ഥാന ഗവൺമെന്റ് 206.60 ലക്ഷം രൂപ സഹായധനം അനുവദിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിലേക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന ഗവൺമെന്റ് ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരുടെ ശമ്പളമായ 696 ലക്ഷം രൂപയും ഗവൺമെന്റ് വഹിക്കുന്നതായിരിക്കും.

(ഡി) 1. പാലുൽപ്പാദനച്ചെലവ് ചുരുക്കുക, ഉൽപ്പാദനക്ഷമത കൂട്ടുക തുടങ്ങിയവയുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുക വഴി ക്ഷീര സഹകരണ മേഖലയുടെ വികസനത്തിന് വഴിയൊരുക്കപ്പെടും.

2. സഹകരണസംഘങ്ങൾ വഴി ഗുണമേന്മയേറിയ കാലിത്തീറ്റ ന്യായവിലയ്ക്ക് ലഭ്യമാക്കുക.

3. മിൽമയുടെ മാർക്കറ്റ് ഷെയർ വർദ്ധിപ്പിച്ചുകൊണ്ടും മിൽമയെ ശക്തമാക്കിക്കൊണ്ടും ക്ഷീരകർഷകർക്ക് വർഷം മുഴുവൻ സ്ഥായിയും ലാഭകരവുമായ നിരക്കിൽ പാൽ ലഭ്യമാക്കുന്നത് ഉറപ്പാക്കുക.

4. പാലിന്റെ ഗുണനിലവാര വർദ്ധനവിനുള്ള നടപടികൾ സ്വീകരിച്ച് മേന്മയേറിയ പാലും പാലുൽപ്പന്നങ്ങളും വിപണിയിലെത്തിക്കുക.

5. പ്രവർത്തനക്ഷമതാ വർദ്ധനവു വഴി ക്ഷീരസഹകരണ യൂണിയനുകളുടെ ലാഭം വർദ്ധിപ്പിക്കുകയും ലാഭവിഹിതം ബോണസ്സായി കർഷകർക്ക് നൽകുകയും ചെയ്യുക.

6. ക്ഷീരസഹകരണ യൂണിയനുകൾ കമ്പ്യൂട്ടർ വൽക്കരിക്കുകയും, ഭാവി പ്രവർത്തനത്തിന്റെ ആസൂത്രണത്തിനുള്ള സ്ഥിതിവിവരക്കണക്കുകൾ സൂക്ഷിക്കുന്നതിനായി എല്ലാ യൂണിറ്റുകളുമായി ബന്ധപ്പെടുത്തുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly